MAHBIL/2015/63218 | MNE/353/2015-17

# Kalyan Lantern

OCTOBER 2015

Vol. 01 | Issue 04 | MUMBAI | 36 Pages | Price: Rs. 10/-



## LAUDATO SI

**LET US BE PROTECTORS OF CREATION, PROTECTORS OF GOD'S PLAN INSCRIBED IN NATURE, PROTECTORS OF ONE ANOTHER AND OF THE ENVIRONMENT.**

- Pope Francis




# Congratulations

## Fr. Sunny Memorial Church Choir Competition – 2015


1st St. Alphonsa Church, Mankhurd


2nd Sacred Heart Church, Goregaon (W)


3rd St. Bartholomew Church, Kalyan (E)

KALYAN LANTERN
DIOCESE OF KALYAN

OCTOBER 2015 MAHBIL/2015/63218 | MNE/353/2015-17

# Kalyan Lantern

Vol. 01 | Issue 04

YOUR WORD IS A LAMP TO MY FEET AND A LIGHT TO MY PATH




## കാതുള്ളവർ കേൾക്കട്ടെ

സുഗതകുമാരി

## ഭൂമി ഉഴുതു സൂക്ഷിക്കുക

ഡോ. റോസി തമ്പി

## WATCH WHAT YOU EAT..

Dr. Susan Sodder

## Upshot of Ecological Crimes

Annamma Paul

## മുംബയ് ജീവിതചര്യയിലേക്ക് ഒരു തിരിഞ്ഞുനോട്ടം

ST. STANEYSLAUS
EDITORIAL
DIOCESAN NEWS
KIDS CORNER
HOLY QURBANA
GODS OWN CHOICE





# പ്രകൃതിയെ പ്രാകൃതമാക്കുന്ന നഗര ജീവിതം

ഇന്നത്തെ പട്ടണങ്ങളിൽ പ്രകൃതി അന്യം നിന്നു പോകുന്നു. കാരണം പട്ടണങ്ങൾ മനുഷ്യന്റെ നിർമ്മിതികളാണ്. സ്വന്തമായ ജീവിതരീതിയെ ലക്ഷ്യം വച്ച് ജീവിക്കുന്ന കോടാനു കോടി ജനങ്ങൾ തിങ്ങിപാർക്കുന്ന ഒരിടം. സുഖജീവിതം ലക്ഷ്യം വച്ച് മനുഷ്യൻ പട്ടണങ്ങളെ രൂപകല്പന ചെയ്യുമ്പോൾ, പുതിയ technology കളും ശാസ്ത്രീയ വളർച്ചയും ലക്ഷ്യം വച്ച് മുന്നേറുമ്പോൾ എവിടെയോ കാലഹരണപെട്ടുപോകുന്ന ഒരു പ്രതിഭാസമായി തീരുകയാണ് പട്ടണങ്ങളിൽ ഇന്ന് ദൈവം സൃഷ്ടിച്ച പ്രകൃതി. പ്രകൃതി ഒരു വരദാനമാണ് എന്ന് തിരിച്ചറിയുവാൻ നാം മറന്നു പോകുന്നു. പ്രകൃതിയുടെ നാശം ആരംഭിച്ചത് ഇന്ന് ഈ ലോകത്തു ജീവിക്കുന്ന തലമുറയ്ക്ക് പ്രകൃതി ഒരു വരമാണെന്ന അജ്ഞതയുടെ ഭാഗമാണ്. പൂർവ്വികരാൽ കൈമാറ്റം ചെയ്യപ്പെട്ട പ്രകൃതി ഇന്ന് ഒരോ നിമിഷവും അതിന്റെ നാശത്തിലേക്കു കൂപ്പുകുത്തുകയാണ്.

നാം ജീവിക്കുന്ന മുംബയ് മഹാനഗരവും പ്രകൃതിയെ ചൂഷണം ചെയ്യുന്നതിൽ ഒട്ടും പുറകിലല്ല എന്നത് നമ്മുക്കറിയുന്ന ഒരു നഗ്നസത്യമാണ്. എന്നിട്ടും നാം പ്രകൃതിയെ കണ്ടില്ലെന്നു നടിക്കുന്നു. ജീവിത സൗകര്യങ്ങൾക്കും ആധുനിക ജീവിതരീതികൾക്കും വേണ്ടി നാം കണ്ണടച്ചുകളയുന്നത് ദൈവം പരിപാലിക്കുവാനായി നമ്മുടെ കരങ്ങളിലേൽപിച്ച ഏറ്റവും പ്രധാനപ്പെട്ട സമ്പത്തായ പ്രകൃതിയെയാണ്.

ചെറിയ പ്രായത്തിൽ തന്നെ കേട്ടു തഴമ്പിച്ചതും ഉള്ളിൽ പതിഞ്ഞതുമായ ഒരു സത്യം; ഈ ലോകത്തിലെ ജീവജാലങ്ങളെല്ലാം പരസ്പരം കണ്ണിചേർക്കപെട്ടിരിക്കുന്നു. ജീവനുള്ളതിന്റെയും ആജീവവസ്തുക്കളുടേയും പരസ്പര ബന്ധമാണ് ഈ ഭൂമീഭവനത്തിന്റെ നിലനിൽപിനാധാരം. നഷ്ടമാക്കിയ പറുദീസ വീണ്ടെടുക്കാനുള്ള വ്യഗ്രതയിൽ മനുഷ്യൻ ഭൂമിയിൽ ചാലുകൾ കീറിയപ്പോൾ ഇളക്കം തട്ടിയത് ഈ സന്തുലിതാവസ്ഥയ്ക്ക്. എയർകണ്ടിഷണറുകളുടെ ശീതളതയിൽ മനുഷ്യൻ തണൽ വൃക്ഷങ്ങളെ മറന്നു. കമ്പോളവത്ക്കരിച്ച ദാഹശമിനികളിൽ അവൻ ഉറവകളേയും നദികളേയും മറന്നു. വർണ്ണങ്ങളുടെ തിക്കിതിരക്കിൽ പച്ചയെ മറന്നു. ഭൂമിയുടെ പച്ചപ്പിനെമറന്നവന് എന്തിനേയും മറക്കാം. സഹജീവിയേയും സഹോദരനേയും വരാനിരിക്കുന്ന തലമുറയേയും. എല്ലാറ്റിനേയും തിരസ്ക്കരിക്കുന്നവൻ ഇനിയെങ്കിലും തിരിച്ചറിഞ്ഞേ പറ്റൂ ഈ സുന്ദരഭൂമിയിൽ അവൻ മാത്രമല്ല ഉള്ളതെന്ന്. ഇതര ജീവികൾക്കും ചെടികൾക്കും നമ്മെ പ്പോലെത്തന്നെ ഈ ഭൂമിക്കവകാശമുണ്ടെന്ന്.



PATRON | Bishop Mar Thomas Elavanal
CHAIRMAN | Msgr. Emmanuel Kadankavil
CHIEF EDITOR | Fr. Sheen Chittatukara
ASSOCIATE EDITOR | Fr. Sinto Chalissery

EDITORIAL BOARD | Fr. Benny Thanninilkumthadathil | Fr. Liju Keetickal
Mrs. Rosily Thomas | Miss AnnRary Thekiniath
Mr. Biju Dominic | Dr. C.P. Johnson | Mr. Roy J. Kottaram
Mr. Babu Mathew | Mr. Joseph Chittilapilly

MARKETING MANAGERS | Fr. Lijo Mullonkal
Mr. Roy Philip
CIRCULATION MANAGER | Fr. Kiran Eluvathingal
DESIGN & PAGE LAYOUT | Mr. Josemon Vazhayil

THE LANTERN | Diocese of Kalyan, Plot No. B/38, P.B. No. 8434, IIT P.O., Powai Mumbai, Maharashtra, India - 400076. Tel.(+91) (022) 2578 5515, 2578 2385
E-mail: kalyanbulletin@gmail.com • kalyanlantern@gmail.com | Website: www.dioceseofkalyan.org | Matrimonial website: www.godsownchoice.com

# കാതുള്ളവർ കേൾക്കട്ടെ

സുഗതകുമാരി

**സർവനാശത്തിലേക്കു നീങ്ങുന്ന ഭൂമിയുടെ രക്ഷയ്ക്കായി മാർപാപ്പയുടെ വാക്കുകൾക്ക് കാതോർക്കാൻ ആഹ്വാനം ചെയ്യുന്നു മലയാളത്തിന്റെ കവയിത്രി.**



ലോകമെങ്ങുമുള്ള കോടിക്കണക്കിന് കത്തോലിക്കാ സഭാവിശ്വാസികളുടെ പരമാചാര്യനായ സംപൂജ്യ ഫ്രാൻസിസ് മാർപാപ്പ ഇതാ ഞങ്ങളുടെ ഭാഷയിൽ വിളിച്ചറിയിക്കുന്നു: ”ഭൂമിയുടെ നിലവിളി കേൾക്കൂ, ദാരിദ്ര്യത്തിന്റെ മുറവിളി ശ്രദ്ധിക്കൂ.” അദ്ദേഹം പറയുന്നു: ”സമയം വൈകിപ്പോകുന്നു. ഈ ഭൂഗോളം ഒരു വലിയ മാലിന്യക്കൂമ്പാരമായി മാറിക്കൊണ്ടിരിക്കയാണ്. സർവജീവജാലങ്ങളുടെയും നാശത്തിലേക്കാണതു നീങ്ങുന്നത്. വികസനമെന്നാൽ കമ്പോളത്തിന്റെ വളർച്ചയല്ല, പണത്തിന്റെ കുന്നുകൂടലല്ല, സുഖഭോഗങ്ങളുടെ പിടിച്ചാൽക്കിട്ടാത്ത വർധനയല്ല.”

അർജന്റീനക്കാരനായ ഈ 78കാരൻ ഫ്രാൻസിസ് അസീസി എന്ന പ്രകൃതിസ്നേഹിയായ പുണ്യവാളന്റെ ആരാധകനാണ്. മാർപാപ്പാ പദവിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അദ്ദേഹം ഫ്രാൻസിസ് എന്ന നാമം സ്വീകരിച്ചതുതന്നെ ഈ ആരാധനയുടെ ഫലമായിട്ടാണ്. അദ്ദേഹം 24.05.2015ൽ പുറത്തിറക്കിയ അതിപ്രധാനമായ ചാക്രികലേഖന ത്തിൽ നിന്നെടുത്ത ചില ഭാഗങ്ങൾ മാത്രമാണ് ഞാനിവിടെ ഉദ്ധരിക്കുന്നത്. ചെവിയുള്ളവർ കേൾക്കട്ടെ.

അദ്ദേഹം തുടരുന്നു: ’അധികാരത്തിന്റേതായ അന്ധതബാധിച്ച രാഷ്ട്രീയകക്ഷികൾ ലോകപരിസ്ഥിതിയെ പാടേ അവഗണിക്കുകയാണ്. മതിക്കാനാവാത്തത്ര വിഭവങ്ങളും സാമ്പത്തികവും രാഷ്ട്രീയവുമായ അധികാരങ്ങളും കൈയടക്കിയിരിക്കുന്നവർ പരിസ്ഥിതിപ്രശ്നങ്ങളെ മറച്ചുവെയ്ക്കുകയോ അവയുടെ ലക്ഷണങ്ങളെ ഒളിപ്പിക്കുകയോ ചെയ്യുന്നു.”

”സാമ്പത്തികലക്ഷ്യങ്ങൾ മാത്രമുള്ള കച്ചവട ഉത്പാദനശക്തികളുടെ വികലമായ കാഴ്ചപ്പാടുനിമിത്തം




ഭാവിക്കുവേണ്ടി കരുതിവെക്കേണ്ട വിഭവങ്ങളെല്ലാം കൊള്ളചെയ്യപ്പെടുന്നു. മഹാവനങ്ങളും കുറ്റിക്കാടുകളും കടലും മലകളുമെല്ലാം കൊള്ളചെയ്യപ്പെടുന്നു

ഭക്ഷ്യാവശ്യങ്ങൾക്കുവേണ്ടി മാത്രമല്ല, മരുന്നുകൾക്കും മറ്റാവശ്യങ്ങൾക്കുംവേണ്ടി വൈവിധ്യമാർന്ന ജീനുകൾ നിർദയം നശിപ്പിക്കപ്പെടുന്നു. ആയിരക്കണക്കിന് സസ്യജന്തു വർഗങ്ങൾ കുറ്റിയറ്റുപോയിക്കൊണ്ടിരിക്കയാണ്. നമ്മുടെ കുഞ്ഞുങ്ങൾ അവയെയൊന്നും കാണുകയില്ല. ദൃശ്യങ്ങളും അദൃശ്യങ്ങളുമായ കോടിക്കണക്കിന് ജീവികളാണ് ഭൂമിയിലെ ജീവിതത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്തുന്നത്. എല്ലാം നാം കൈയടക്കുന്നു. നമുക്ക് ഒന്നും പ്രധാനമല്ല. അതിഭയാനകമായ ഈ അനീതി നാം മിണ്ടാതെ കണ്ടുനിൽക്കുകയാണ്. ആമസോൺ കാടുകളും കോംഗോ തടങ്ങളും മഹാഹിമാനികളുമെല്ലാം ക്ഷയിച്ചുകൊണ്ടിരിക്കയാണ്. ഉഷ്ണമേഖലാവനങ്ങളുടെ അത്യദ്ഭുതമായ സമഗ്ര ജൈവവൈവിധ്യം നാം അതിവേഗം നശിപ്പിച്ചുകൊണ്ടിരിക്കയാണ്. ഇതുകൊണ്ട് ഭൂമിക്കെന്തു സംഭവിക്കുമെന്നതിനെപ്പറ്റി നാം അനാസ്ഥപാലിക്കുന്നു. കടൽ മലിനമായിക്കഴിഞ്ഞു. നമ്മുടെ സമുദ്രങ്ങളുടെ അടിത്തട്ടുകളെ അഴകും ഉയിരുമില്ലാത്ത മഹാശവക്കല്ലറകളാക്കി മാറ്റുന്നതാര്?"

'ഭൂമിയുടെ യജമാനന്മാരും ഉടമസ്ഥരുമാണ് നാമെന്നാണ് നമ്മുടെ ഭാവം. ഭൂമിയെ എന്തും ചെയ്യാം, ഇഷ്ടംപോലെ കൊള്ളയടിക്കാം. നമ്മുടെയുള്ളിലെ ക്രൂരതയാണ്, പാപങ്ങളാണ് മണ്ണിനെയും വെള്ളത്തെയും സർവജീവജാലങ്ങളെയും നശിപ്പിച്ചു കൊണ്ടിരിക്കുന്നത്. ഭൂമിക്ക് ഭാരമേറുന്നു. ആണവാവശിഷ്ടങ്ങൾവരെയുള്ള കഠിനമായ അഴുക്കുകൾ ചുമക്കാനാവാതെ അവൾ കരയുകയാണ്. ഈ മണ്ണാണ് നമ്മുടെ ശരീരമെന്ന് നാം മറന്നുപോകുന്നല്ലോ. ഈ വായുവാണ് നാം ശ്വസിക്കുന്നതെന്നും ഈ വെള്ളമാണ് നാം കുടിക്കുന്നതെന്നും നാം മറക്കുന്നല്ലോ."

തിരുമേനി തുടരുന്നു: "പാവങ്ങളാണ് പരിസ്ഥിതിനാശങ്ങൾനിമിത്തം ഏറ്റവും ദുരിതമനുഭവിക്കുന്നവർ. അവർ മാലിന്യത്തിനുനടുവിൽ കഴിയുന്നു. ശുദ്ധീകരിച്ച കുപ്പിവെള്ളം വാങ്ങി കുടിക്കാൻ കഴിവില്ലാത്തതിനാൽ അവർ മലിനജലം കുടിക്കുന്നു. ഒട്ടനവധി രോഗങ്ങൾക്കിരകളാകുന്നു. ഒരു ഹരിത സംസ്കാരത്തെപ്പറ്റി വാചകങ്ങൾ ധാരാളം കേൾ ക്കുന്നുണ്ട്. എങ്കിലും ഭൂമിയുടെയും ദാരിദ്ര്യത്തി ന്റെയും നിലവിളി ഹരിതസംസ്കാരത്തെപ്പറ്റിയുള്ള പ്രസംഗകോലാഹലത്തിനിടയിൽ മുങ്ങിപ്പോകുന്നു".

"അവിശുദ്ധപുരോഗതിയാണിപ്പോൾ നടക്കുന്നത്. ശാസ്ത്രപുരോഗതി മനുഷ്യരെ അതിശക്തരാക്കിത്തീർത്തിരിക്കുന്നു. പക്ഷേ, അതു നമുക്ക് അമിതാധികാരവും സുഖഭോഗതൃഷ്ണയുമാണു നൽകിയിരിക്കുന്നത്. തൊഴിലിന്റെയും നിത്യജീവിതത്തിന്റെയും ഗതിതന്നെ അതിവേഗത്തിലായിക്കഴിഞ്ഞു. പരിണാമത്തിന്റേതായ ശാന്തവും ക്ഷമാപൂർണവുമായ ഗതിയിൽനിന്ന് പൂർണമായും എതിർദിശയിലാണത്. അതിശീഘ്രവും നിരന്തരമായി മാറിക്കൊ

ണ്ടിരിക്കുന്നതുമായ ഈ പോക്ക് നിലനിൽപ്പിന്റേതായ തത്ത്വശാസ്ത്രത്തിനെതിരാണ്. ഈ തീക്ഷ്ണവേഗം നമ്മെ ഭയപ്പെടുത്തുന്നു".

ഏതിനെയും പിടിച്ചടക്കുക, അതിന്മേൽ യജമാനത്വം സ്ഥാപിക്കുക, എന്നിട്ടതിനെ മാറ്റിമറിക്കുക ഇതാണല്ലോ നാമിന്നു ചെയ്യുന്നത്. ഭൂമിയുടെ വിഭവങ്ങൾ അനന്തമാണെന്ന രീതിയിൽ നാം അവയെ ഊറ്റിയെടുക്കുന്നു. തത്ഫലമായി ഞെക്കിപ്പിഴിഞ്ഞെടുത്ത വെറും ചണ്ടിയായിത്തീരുന്നു ഭൂമി."

കഴിഞ്ഞ അമ്പതുവർഷമായി പല മാർപാപ്പമാരും ഈ മുന്നറിയിപ്പ് നൽകിയിട്ടുണ്ടെങ്കിലും അവയൊന്നും ശ്രദ്ധിക്കപ്പെട്ടില്ല. ഈ ചാക്രികലേഖനത്തിനും അതേവിധി വരാതിരിക്കുമെന്നാശിക്കാം. ഇപ്പോൾത്തന്നെ പല വൻ കോർപ്പറേറ്റുകളും എണ്ണക്കമ്പനികളും ലോകസാമ്പത്തികവിദഗ്ധരും ഈ ലേഖനത്തെ പ്രതിരോധിക്കാനിറങ്ങിക്കഴിഞ്ഞുവെന്നു കേൾക്കുന്നു. ഓർക്കുക, എതിർപ്പ് അവഗണനയുടെ രൂപത്തിലും വരുമെന്നതാണ് കൂടുതൽ അപകടകരം. സംപൂജ്യനായ മാർപാപ്പയുടെ ദീർഘലേഖനത്തിൽ നിന്നെടുത്ത ചുരുക്കം ചില ഭാഗങ്ങളാണിവ. ആത്മീയവും നൈതികവും മാത്രമല്ല, ശാസ്ത്രീയവുമായ ഈ നിലപാട് ലോകം തിരിച്ചറിയട്ടെ, അംഗീകരിക്കട്ടെ. മാർപാപ്പ സ്വന്തം ഗുരുനാഥനായി അംഗീകരിച്ചിരിക്കുന്ന വിശുദ്ധ ഫ്രാൻസിസ് അസീസി വിശ്വപ്രേമത്തിന്റെ മനോഹരവും വിശുദ്ധവുമായ മൂർത്തിമദ്ഭാവമായിരുന്നു.

അദ്ദേഹം കൈനീട്ടുമ്പോൾ കിളികൾ പറന്നെത്തി തോളുകളിലിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ സംഗീതംപോലെ മൃദുലമായിരുന്നു. 'സൂര്യൻ എന്റെ ജ്യേഷ്ഠനാണ്. അമ്പിളി എനിക്കു പെങ്ങളാണ്. ഈ കിളികളെല്ലാം എന്റെ കൂടപ്പിറപ്പുകളാണ്" എന്ന് മന്ത്രംപോലെ ജപിക്കുകയും കുഞ്ഞുങ്ങളുടെ മുഖത്തുനോക്കുന്നതുപോലെ വിടരുന്ന പൂക്കളുടെ മുഖത്തുനോക്കി ആനന്ദാശ്രു പൊഴിക്കുകയും പ്രകൃതിയുടെ അഭൗമസൗന്ദര്യത്തിൽ ഈശ്വരന്റെ മുഖം പ്രതിഫലിച്ചുകാണുകയും അതിക്ലിഷ്ടമായ മാർഗങ്ങളിലൂടെ നഗ്നപാദനായി നടക്കുകയും ചെയ്ത അസീസിയിലെ പുണ്യവാളന്റെ പാദമുദ്രകളിൽ ചോരപുരണ്ടിരുന്നു. അദ്ദേഹത്തിന്റെ കവിളുകൾ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും കണ്ണുനീർകൊണ്ട് എപ്പോഴും നനഞ്ഞിരുന്നു. എന്നാലും ആ ചുണ്ടുകളിൽ ദൈവത്തിന്റെ മുഖം കാണുന്നുവോ എന്നമട്ടിലുള്ള ഒരു പുഞ്ചിരി എപ്പോഴും തിളങ്ങിയിരുന്നു. അങ്ങനെയുള്ള ഒരു ഗുരുനാഥന്റെ വിശിഷ്ടശിഷ്യനാണ് ഫ്രാൻസിസ് മാർപാപ്പ.

അദ്ദേഹത്തിന്റെ വാക്കുകളിൽ പ്രകൃതിയുടെ ദുരിതവേദന മാറ്റൊലിക്കൊള്ളുന്നതിൽ അദ്ഭുതപ്പെടാനില്ല.

കുറേക്കൂടി പിന്നോട്ടുനോക്കിയാൽ യേശുനാഥന്റെ വാക്കുകൾ പശ്ചാത്തലശ്രുതിപോലെ നമുക്കു കേൾക്കാനാവും. അപ്പോൾ ഗാന്ധിവചസ്സുകളോ? അവയും നാം കേൾക്കുന്നില്ലേ? ശ്രദ്ധിക്കുക. ബഹുമാന്യനായ മാർപാപ്പ വേദനയോടെ ചൂണ്ടിക്കാട്ടുന്നു: "കുറേയധികം ജനങ്ങൾ കഠിനദാരിദ്ര്യം നിമിത്തം നിരാശയുടെയും അധഃപതനത്തിന്റെയും ചെളിക്കുണ്ടിലാണ്ടുകിടക്കുമ്പോൾ മറ്റു കുറേപ്പേർ തങ്ങളുടെപക്കലുള്ള മഹാധനം എന്തുചെയ്യണമെന്നറിയാതെ കുഴങ്ങുകയാണ്. തങ്ങളുടെ



അധീശഭാവവും സുഖഭോഗലാലസതയും പ്രദർശിപ്പിച്ച് അവരുടെ ഉച്ഛിഷ്ടങ്ങൾകൊണ്ട് ഭൂമിയെ നിറയ്ക്കുകയാണ്. ഈ പോക്ക് നമ്മുടെയെല്ലാം ഒരേയൊരു വീടായ ഈ കൊച്ചുഗ്രഹത്തെ നശിപ്പിക്കുകയേയുള്ളൂ. ഈശ്വരന്റെ മഹത്തായ സൃഷ്ടികളെ ചവിട്ടിത്തേക്കാൻ ആർക്കും അധികാരമില്ലതന്നെ."

ജാഗ്രത, പോപ്പ് തിരുമേനി വിരൽ ചൂണ്ടുന്നു: ' 'ദൈവം എല്ലാം ക്ഷമിക്കും. നമ്മൾ ചിലപ്പോഴൊക്കെ ക്ഷമിക്കും. പക്ഷേ, സൃഷ്ടിയെ, പ്രകൃതിയെ പീഡിപ്പിച്ചാൽ അവൾ ഒരിക്കലും പൊറുക്കുകയില്ല."

2015 ജൂലായ് 30ന് മാതൃഭൂമി പത്രത്തിൽ പ്രസിദ്ധീകരിച്ചത്. എഴുത്തുകാരിയുടെ അനുമതിയോടെ പുനപ്രസിദ്ധീകരിക്കുന്നു.

# ഭൂമി ഉഴുതു സൂക്ഷിക്കുക

(ഫ്രാൻസിസ് പാപ്പയുടെ 'അങ്ങേയ്ക്കു സ്തുതി' എന്ന ചാക്രീക ലേഖനത്തിന്റെ വായനാനുഭവം)

ഡോ. റോസി തമ്പി

"ജന്മം കൊണ്ടു ജീവിതം പങ്കുവെച്ച സഹോദരിയെ പോലെയും തളരുമ്പോൾ വാത്സല്യത്തോടെ വാരിയെടുക്കാൻ കൈനീട്ടുന്ന അമ്മയേപോലെയുമാണ് എനിക്ക് ഭൂമി" എന്ന അസീസ്സിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ കീർത്തനത്തോടെയാണ് മാർപാപ്പ തന്റെ ചാക്രികലേഖനം ആരംഭിക്കുന്നത്. നമ്മുടെ പൊതുഭവനമായ ഭൂമി ഇപ്പോൾ നമ്മെ നോക്കി നിലവിളിക്കുന്നു. എന്തെന്നാൽ സൃഷ്ടാവ് ഭൂമിക്കു നല്കിയ ആടയാഭരണങ്ങളെല്ലാം മനുഷ്യർ കൊള്ളയടിച്ച് നശിപ്പിക്കുന്നു. നമ്മൾ സ്വയം ഭൂമിയുടെ അധികാരിയായി പ്രഖ്യാപിച്ച് നമ്മുടെ ഹൃദയത്തിന്റെ തിന്മ കൊണ്ട് അവളുടെ ശരീരത്തെ മുഴുവൻ വ്രണിതമാക്കിയിരിക്കുന്നു. മണ്ണിലും, ജലത്തിലും, വായുവിലും എല്ലാജീവന്റെ കണികകളിലും മനുഷ്യന്റെ ആർത്തിയും, ദുരയും അക്രമം നടത്തി വിഷമയമാക്കിയിരിക്കുന്നു. ഭൂമിയെ ഇന്ന് ഏറ്റവും പരിത്യക്തരായവരുടെ കൂട്ടത്തിലേക്ക് നമ്മൾ വലിച്ചെറിഞ്ഞിരിക്കുന്നു. "അവൾ ഈറ്റു നോവനുഭവിച്ച് നെടുവീർപ്പിടുകയാണ്". നമ്മൾ ഈ ഭൂമിയിലെ മൺതരിയാണെന്ന വസ്തുത നമ്മൾ മറന്നു പോയിരിക്കുന്നു. അവളുടെ ശ്വാസമാണ് നമ്മളും ശ്വസിക്കുന്നത്. അവളുടെ വെള്ളമാണ് നമ്മളും കുടിക്കുന്നത് എന്ന് ഓർക്കുന്നില്ല. ഇത്രയൊക്കെ ക്രൂരമായി മനുഷ്യൻ ഭൂമിയോടും സ്വന്തം വാസസ്ഥലത്തോടും പെരുമാറിയിട്ടും ഭൂമി അതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഇതുവരെ ഒഴിഞ്ഞു മാറിയിട്ടില്ല. ഇനിയും നമുക്കു തെറ്റു തിരുത്താൻ സമയമുണ്ട്". ഇതാണ് 'അങ്ങേയ്ക്ക് സ്തുതി' എന്ന ചാക്രിക ലേഖനത്തിന്റെ സത്ത.

ദൈവം, മതം, ആത്മീയത, രാഷ്ട്രീയം, സമ്പത്ത്, അധികാരം ഇവയെല്ലാം പുനർ നിർണ്ണയിച്ചു കൊണ്ടാണ് പാപ്പ ഭൂമിയെയും അതിലെ സൃഷ്ടികളെയും ചൂഷണം ചെയ്യാത്ത വിധം മനുഷ്യന്റെ നിലനില്പിനെ കൂടുതൽ മെച്ചപ്പെടുത്തുന്ന ഒരു ജീവിത രീതി ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നത്. പ്രകൃതിയിലെ സ്വാഭാവികതയെ നശിപ്പിക്കുന്നത്, മലിനപ്പെടുത്തുന്നത്, മനുഷ്യനെതിരെയും ദൈവത്തിനെതിരെയും ചെയ്യുന്ന തെറ്റാണെന്ന് പാപ്പ ധൈര്യപൂർവ്വം പറയുന്നു. "ഈ ലോകം സൃഷ്ടിയുടെ തുന്നലില്ലാത്ത കുപ്പായമാണെന്നും, അതിന്റെ ഏറ്റവും ചെറിയ ഇടങ്ങളിൽ ഭൂമിയുടെ അവസാനത്തെ മൺതരിയിൽ, ദൈവവും മനുഷ്യനും കണ്ടുമുട്ടുന്നു എന്നുമുള്ള ബർത്തലോമിയുടെ ആത്മീയഭാവനയാണ് ഈ ചാക്രിക ലേഖനത്തിലും പാപ്പയുടെ ആത്മീയസൗന്ദര്യത്തെ പിൻതുടരുന്നത്.

ഫ്രാൻസിസ് പാപ്പയുടെ മനുഷ്യരാശിയോടുള്ള മുന്നറിയിപ്പ് ഇതാണ്. സചേതനങ്ങളും അചേതനങ്ങളുമായ എല്ലാറ്റിന്റെയും പൊതു വീടാണ് ഭൂമി. മറ്റുള്ളവയെല്ലാം അവയുടെ ജീവിതകാലത്ത് ജീവിക്കാൻ ആവശ്യമുള്ളത് മാത്രം അതിൽ നിന്ന് എടുത്ത് കടന്നു പോകുന്നു. എന്നാൽ മനുഷ്യൻ മാത്രം അത് നെടുകെ ധൂർത്തടിച്ച് നശിപ്പിക്കുന്നു. അതുകൊണ്ട് സമഗ്രമായ ഒരു പാരിസ്ഥിതിക വിവേകം മനുഷ്യനുണ്ടാകേണ്ടുന്നതിനെപറ്റിയാണ് പാപ്പ ഗൗരവമായി ആകുലപ്പെടുന്നത്. തീർച്ചയായും അത്തരം ഒരു വിവേകം ഉണ്ടാകേണ്ടത് ക്രിസ്ത്യാനികളിൽ നിന്നു കൂടിയാണ് എന്നാണ് പാപ്പയുടെ അർത്ഥവാദം. കാരണം ബൈബിളിലെ ഉല്പത്തി പുസ്തകത്തിന്റെ തെറ്റായ വ്യാഖ്യാനം, മനുഷ്യനെ, അവന്റെ നിലനില്പിന്റെ അന്ത്യം പ്രവചിക്കും വിധം വാസസ്ഥലമായ ഭൂമിയുടെ ആസന്നമായ മരണത്തിന് ഇടയാക്കിയതിൽ പ്രധാനപങ്കു വഹിച്ചിട്ടുണ്ട്. എല്ലാ സൃഷ്ടിയും കഴിഞ്ഞ്, അവ എല്ലാം നന്നായിരിക്കുന്നു എന്നു കണ്ട ദൈവം തന്റെ സ്വന്തം ഛായയിൽ മനുഷ്യനെസൃഷ്ടിച്ചു.

"ദൈവം വീണ്ടും അരുൾ ചെയ്തു". നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെസൃഷ്ടിക്കാം. അവർക്കു കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും നാൽകാലികളുടെയും മേൽ ആധിപത്യം ഉണ്ടായിരിക്കട്ടെ ! ഭൂമിയിൽ നിറഞ്ഞ് അതിനെകീഴടക്കുവിൻ. കടലിലെ മത്സ്യങ്ങളുടെയും, ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടെയും മേൽ നിങ്ങൾക്ക് ആധിപത്യം ഉണ്ടായിരിക്കട്ടെ !" (ബൈബിൾ. പി.ഒ.സി. വിവർത്തനം) മനുഷ്യന്റെ ഈ ആധിപത്യമനോഭാവമാണ് ഇന്നത്തെ ആഗോളപാരിസ്ഥിതിക പ്രതിസന്ധിക്കു കാരണം എന്ന് മാർപാപ്പ ഏറ്റുപറയുകയും "ഭൂമിയെ ഉഴുതു സൂക്ഷിക്കുക" എന്ന് ഭൂമിക്കും സകല ചരാചരങ്ങൾക്കും മേലുള്ള മനുഷ്യന്റെ ആധിപത്യത്തെ പാപ്പ തിരുത്തുകയും ചെയ്യുന്നു.

മനുഷ്യൻ ലോകത്തിന്റെ അധിപനല്ല. ലോകവുമാ

യുള്ള നമ്മുടെ ബന്ധത്തിന്റെ സാഹോദര്യത്തിന്റെ, സൗന്ദര്യത്തിന്റെ ഭാഷ നമ്മൾ ഇനിയും തിരിച്ചറിയേണ്ടിയിരി ക്കുന്നു. മറ്റുള്ളവരെയും തന്നെപോലെ പരിഗണിക്കാൻ കഴിയുമ്പോൾ നമ്മുടെ ചുക്ഷകനായ ഉപഭോക്താവിന്റെ അവസ്ഥ മാറും. കുളിക്കാൻ എടുക്കുന്ന അധികമായ ഒരു കപ്പ് വെള്ളം മറ്റൊരാളുടെ കുടിവെള്ളമാണെന്ന് ഓർക്കും. അധികമായി കളയുന്ന ഒരു ഉരുള ചോറ് വിശക്കുന്ന ഒരു വയറിന്റെ ഒരു നേരത്തെ അന്നമാണെന്നറിയും. പരസ്പരമുണ്ടാകുന്ന ആ വിവേകത്തെക്കുറിച്ചാണ് പാപ്പ പഠിപ്പിക്കുന്നത്. അതാണ് ജന്മഗൃഹമായ ഭൂമിയെക്കുറിച്ചുള്ള കരുതൽ.

ദൈവം മനുഷ്യനോടു സംസാരിക്കുന്ന അനന്തസൗന്ദര്യത്തിന്റെയും നന്മയുടെയും കാണപ്പെടുന്ന അടയാളമാണ് ഈ പ്രകൃതി എന്ന് അസീസ്സിയിലെ ഫ്രാൻസിസിനെപോലെ പാപ്പയും കാണുന്നു. ഒരു പൂവിരിയുന്നത് നോക്കി നില്ക്കുന്നതിലെ അത്ഭുതം മരിച്ച ഒരാൾ ഉയിർത്തെഴുന്നേൽക്കുന്നതിനേക്കാൾ അത്ഭുതവും വിസ്മയവും ഉണ്ടാക്കുന്നതാണെന്ന തിരിച്ചറിവാണത്. ഈ ലോകം പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നമല്ല. മറിച്ച് ആനന്ദത്തോടും, ഉത്സാഹത്തോടും കൂടി അനുനിമിഷം ധ്യാനിക്കേണ്ട സന്തോഷകരമായ ഒരു അനുഭൂതിയാണ്.

മനുഷ്യരിൽ ഏറെ വിശ്വാസമുണ്ട് പാപ്പയ്ക്ക്. കാര്യങ്ങൾ ഇപ്പോൾ ഇങ്ങനെയൊക്കെ ഘടനാപരമായ പ്രതിസന്ധിയിൽ അതിന്റെ നാശത്തോട് അടുത്തിരിക്കുകയാണെങ്കിലും കാര്യങ്ങളിൽ നമുക്കു മാറ്റം വരുത്താനാകും. പൊതു വീടായ ഭൂമിയെ അതിന്റെ യഥാർത്ഥ സ്ഥിതിയിലേക്കു കൊണ്ടു വരാൻ ഇപ്പോൾ തന്നെ ഒരുപാടു പേർ പ്രവർത്തിക്കുന്നുണ്ട്. അവരോടൊപ്പം ചേർന്നു കൊണ്ടാണ് പാപ്പയും ചിന്തിക്കുന്നത്.

വികസനത്തിനു വേണ്ടി ഒഴിവാക്കുന്നവരുടെ യാതനകൾ പരിഹരിക്കാതെ ഒരു നല്ല ഭാവി പടുത്തുയർത്തുന്നത് എങ്ങനെയെന്ന ചോദ്യമാണ് വികസനമന്ത്രം ഉരുവിട്ടുകൊണ്ടിരിക്കുന്ന ലോകത്തോട് പാപ്പ ചോദിക്കുന്നത്. നൂറ് ആടുകളുടെ കൂട്ടത്തിൽ മുടന്തനായ ഒരു ആട്ടിൻ കുട്ടിയെ നെഞ്ചോടു അണച്ചു പിടിക്കുന്ന യേശുക്രിസ്തുവിനെപിൻ ചൊല്ലുന്ന ഒരാൾക്കു മാത്രമേ അത് അത്രയും ആത്മവിശ്വാസത്തോടെ പറയാൻ കഴിയു.

മനുഷ്യൻ ഭൂമിയുടെയും അതിലെ സകല ചരാചരങ്ങളുടെയും "അധികാരി" എന്ന നിലയെ അദ്ദേഹം പുനർനിർവ്വചിക്കുന്നു. "പരസ്പരം ആദരിക്കുക" എന്നതാണ് പാപ്പയുടെ പാഠം. മനുഷ്യനും പ്രകൃതിയും തമ്മിൽ, മനുഷ്യനും മറ്റു ജീവജാലങ്ങളും തമ്മിൽ, മനുഷ്യനും മനുഷ്യനും തമ്മിൽ പരസ്പരം ഉണ്ടാകേണ്ട ആദരവാണത്. "ദരിദ്രരരും ഭൂമിയുടെ ലോല പ്രകൃതിയും തമ്മിലുള്ള ഗാഢബന്ധം, ലോകത്തിൽ എല്ലാം പരസ്പര ബന്ധിതമാണെന്ന ബോധ്യം, ശാസ്ത്രസാങ്കേതികവിദ്യയിൽ നിന്ന് ഉടലെടുക്കുന്ന പുതിയ ചിന്താമാതൃകകളുടെയും അധികാര രൂപങ്ങളുടെയും വിമർശനം. സമ്പത്തിനെയും, വിക



സനത്തിനെയും സംബന്ധിക്കുന്ന പുതിയ വഴികൾ, സൃഷ്ടികളിൽ ഓരോന്നിനുമുള്ള അതിന്റെ മൂല്യം, സത്യസന്ധവും സുതാര്യവുമായ സംവാദത്തിന്റെ ആവശ്യകത സമകാലികതയുടെ വലിച്ചെറിയൽ സംസ്കാരം, പ്രാദേശികവും അന്തർദേശീയവുമായ മനുഷ്യന്റെ ഉത്തരവാദിത്വം, പുതിയൊരു ജീവിത ശൈലിക്കു വേണ്ടിയുള്ള നിർദ്ദേശങ്ങൾ എന്നീ പ്രമേയങ്ങളെല്ലാം ഈ ചാക്രികലേഖനം വിശദമായി ചർച്ച ചെയ്യുന്നു.

മാറ്റങ്ങളുടെ അതിതീവ്രമായ വേഗങ്ങളിലാണ് ത്വരിതവൽക്കരണത്തിലാണ് ഇന്ന് മനുഷ്യർ എത്തിപ്പെട്ടിരിക്കുന്നത്. ജീവിതവും തൊഴിലും കൂടുതൽ കൂടുതൽ തീവ്രവേഗത്തിൽ എത്തിക്കപ്പെട്ടിരിക്കുന്നു. പ്രകൃതിയിൽ ജൈവ പരിണാമത്തിന്റെ മാറ്റം ഏറെ സാവധാനത്തിൽ സംഭവിക്കുന്നതാണെങ്കിൽ മനുഷ്യൻ ഇടപെടുന്ന പ്രകൃതിയിലെ മാറ്റം അതിവേഗം സംഭവിക്കുന്നു. എന്നാൽ ഈ മാറ്റം സ്ഥിരമായി തുടരുന്നതോ, മാനവസമൂഹത്തിന്റെ പൊതുനന്മയോ ലക്ഷ്യം വെച്ചുള്ളതല്ല. വളരെ ചെറിയ ഒരു വിഭാഗം മനുഷ്യർക്കു മാത്രം അതിന്റെ ഗുണം ഉണ്ടാക്കുന്നു. ബാക്കി ബഹുഭൂരിപക്ഷം പേരും അതിന്റെ ദുരിതം അനുഭവിക്കുകയും ചെയ്യുന്നു ഇതാണ് ഇന്നത്തെ പുരോഗതിയുടെ ദുരന്തം.

പ്രകൃതി സ്വാഭാവികമായി പ്രവർത്തിക്കുന്നത് ഒരു വസ്തുവിനെപരമാവധി ഉപയോഗപ്പെടുത്തികൊണ്ടാണ്. പാരസ്പര്യത്തിന്റെ ജൈവതാളമാണത്. ഒരു ചെടിയുടെ കിഴങ്ങ് മാളങ്ങളിൽ താമസിക്കുന്ന ജീവികൾ തിന്നും, തണ്ട് മറ്റു പല ജീവികൾ തിന്നും, ഇല, പൂവ്, കായ ഇവയൊക്കെ വേറെ വേറെ ജീവികൾ ആഹാരമാക്കും. താമസ സ്ഥലമാണെങ്കിലും അവ അങ്ങനെപങ്കു വെക്കുന്നതു കാണാം. പകൽ ഇര തേടിയിറങ്ങുന്ന ജീവികളുടെ മാളങ്ങളിൽ രാത്രി ഇരതേടിയിറങ്ങുന്നവർ പകൽ വിശ്രമിക്കും. ഇതുപോലെ സസ്യഭുക്കുകളായ ജീവികൾക്ക് ആഹാരമാകുന്ന പോഷകങ്ങൾ സസ്യങ്ങൾ സംയോജിപ്പിക്കുന്നു. ഇവ മാംസഭുക്കുകളായ ജീവികൾക്ക് ഭക്ഷണമായി തീരുന്നു. അവ വലിയ അളവിൽ ജൈവ വിസർജ്ജ്യം നൽകുകയും അതു സസ്യങ്ങളുടെ പുതിയ തലമുറകൾക്ക് ജന്മമേകുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ വികസിത വ്യവസായിക സംവിധാനത്തിന് ഉത്പാദനത്തിന്റെയും ഉപഭോഗത്തിന്റെയും അവസാനത്തിൽ മാലിന്യത്തെ എന്തു ചെയ്യണമെന്ന് ഇനിയും ഒരു നിശ്ചയവുമില്ല. മാലിന്യം എന്ന വാക്കു തന്നെ നമ്മുടെ വികസിത വ്യവസായത്തിന്റെ സൃഷ്ടിയാണ്. ഒന്ന് ചീഞ്ഞാൽ മറ്റൊന്നിനു വളമാകുന്ന രീതിയാണ് പ്രകൃതിയുടെ സ്വാഭാവികത. അതിൽ മാലിന്യമില്ല. മാലിന്യം ദൈവസൃഷ്ടിയല്ല. മനുഷ്യസൃഷ്ടിയാണ്. അതുകൊണ്ടാണ് അതു മനുഷ്യനും മറ്റുള്ളവയും ഭൂമിക്കു തന്നെയും ഹാനികരമാണ്.

പാപ്പ പറയുന്നതിങ്ങനെ: ഈ പ്രതിസന്ധിയെ പരിഹരിക്കാൻ നമ്മുക്കു ചെയ്യാൻ കഴിയുന്നത്, പരമാവധി ഉപഭോഗം കുറയ്ക്കുക. ഉപയോഗിക്കുന്നവ പരമാവധി പുനരുപയോഗിക്കുക അങ്ങനെവരും തലമുറയ്ക്കു വേണ്ടി ഭൂമിയെ കരുതി വെയ്ക്കുക.

ബൈബിൾ പാഠങ്ങൾ അവയുടെ സാഹചര്യത്തിൽ വായിച്ചു ഗ്രഹിക്കണം. ലോകമാകുന്ന തോട്ടം "ഉഴുതു സൂക്ഷിക്കാൻ" (till and keep) (ഉത്പത്തി 2, 15) ബൈബിൾ പാഠം ആവശ്യപ്പെടുന്നുവെന്ന് നാം അംഗീകരിക്കണം. "ഉഴുകുക" (till) എന്നത് കൃഷി ചെയ്യുന്നതിനെയും അദ്ധ്വാനത്തെയും അർത്ഥമാക്കുന്നു. "സൂക്ഷിക്കുക" എന്നതിന് കരുതൽ, പരിചരിക്കൽ എന്നാണ് അർത്ഥം. മനുഷ്യർക്കും പ്രകൃതിക്കും ഇടയിൽ പരസ്പര ഉത്തരവാദിത്വത്തിന്റെ ബന്ധമുണ്ടെന്നാണ് ഇക്കാര്യത്തെ വ്യാഖ്യാനിക്കേണ്ടത്. ഓരോ സമൂഹത്തിനും അതിന്റെ നിലനില്പിന് ആവശ്യമായത് ഭൂമിയുടെ സമൃദ്ധിയിൽ നിന്ന് എടുക്കാം. എന്നാൽ വരും തലമുറകൾക്കായി ഭൂമിയുടെ ഫലപുഷ്ടി ഉറപ്പുവരുത്താനുള്ള കടമ ഓരോരുത്തർക്കുമുണ്ട്. "ഭൂമി കർത്താവിന്റെതാണ്". (സങ്കീ 24:1) "ഭൂമിയും അതിലുള്ള സകലതും (നിയമാ 10:14) അവിടത്തെതാണ്. ഇപ്രകാരം മനുഷ്യന്റെ പരിപൂർണ്ണമായ ഉടമസ്ഥതയെക്കുറിച്ചുള്ള എല്ലാ അവകാശവാദത്തെയും ദൈവം തള്ളിക്കളയുന്നു. "നിങ്ങൾ ഭൂമി വിൽക്കരുത് എന്തെന്നാൽ ഭൂമി എന്റെതാണ്. നിങ്ങൾ പരദേശികളും കുടികിടപ്പുകാരുമാണ്". (ലേവ്യ 25:23) പാപ്പയുടെ പരിസ്ഥിതി ലേഖനത്തിലെ സുപ്രധാന നിരീക്ഷണങ്ങൾ ഇങ്ങിനെയാണ്.

ബൈബിളിനെഅതിന്റെ യഥാർത്ഥസത്തയിൽ വ്യാഖ്യാനിക്കുകയാണ് പാപ്പ. യഹൂദമത നിയമങ്ങൾ ഏറെ അഴുകി വൃത്തികേടായപ്പോഴാണ് ക്രിസ്തു അത് കഴുകി വൃത്തിയാക്കുന്നത്. അതുപോലെ നമ്മുടെ കാലഘട്ടത്തെ കഴുകി വൃത്തിയാക്കുന്ന ക്രിസ്തുവിന്റെ പ്രതിപുരുഷനാണ് ഫ്രാൻസീസ്പാപ്പ. അദ്ദേഹം മാർപാപ്പ ആയതിനു ശേഷമുള്ള ഓരോ വാക്കും പ്രവൃത്തിയും യേശുക്രിസ്തുവിനെ ലോകത്തിനു കാണിച്ചു തരുന്നു. കത്തോലിക്ക മതത്തിന്റെ അധികാരങ്ങൾക്കും അരമനകൾക്കും ഉള്ളിൽ നിന്ന് പാപ്പ ക്രിസ്തുവിനെലോകത്തിലേക്ക് കൊണ്ടുവന്നു. മനുഷ്യൻ ഭൂമിയുടെ "അധികാരി" എന്ന ബൈബിളിന്റെ തെറ്റായ വ്യാഖ്യാനത്തെ തിരുത്താൻ പാപ്പ തുടർന്നും ബൈബിൾ വാക്യങ്ങൾ തന്നെ ഉപയോഗിക്കുന്നു. ഇതു വായിക്കുമ്പോൾ ഓർമ്മ വരു

ന്നത് “നിയമത്തെ ഇല്ലാതാക്കാനല്ല ; നിയമത്തെ പൂർത്തീകരിക്കാനാണ് ഞാൻ വന്നത്” എന്ന ക്രിസ്തുവാക്യത്തെയാണ്.

പാപ്പ പറയുന്നു. വി.ഗ്രന്ഥത്തിലെ നിയമങ്ങൾ മനുഷ്യർക്കു തമ്മിലുള്ളതു മാത്രമല്ല. മനുഷ്യന് മറ്റു ജീവജാലങ്ങളോടുള്ള ബന്ധത്തെക്കുറിച്ച് സവിസ്തരം അതു പ്രതിപാദിക്കുന്നുണ്ട്. “നിന്റെ സഹോദരന്റെ കഴുതയോ കാളയോ, വഴിയിൽ വീണു കിടക്കുന്നതു കണ്ടാൽ നീ മാറിപോകുകയോ സഹായം നിരസിക്കുകയോ ചെയ്യരുത്..... കുഞ്ഞുങ്ങളുടെയോ മുട്ടകളുടെയോ മേൽ അടയിരിക്കുന്ന ഒരു പക്ഷിക്കൂട് വഴിയരികിലുള്ള ഏതെങ്കിലും വൃക്ഷത്തിലോ, നിലത്തോ നീ കാണാനിടയായാൽ കുഞ്ഞുങ്ങളോടു കൂടെ തള്ളയെ എടുക്കരുത് (നിയ. 22; 4-6). അതുപോലെ തന്നെ ഏഴാം ദിവസത്തെ വിശ്രമം മനുഷ്യർക്കു തന്നെ ഉള്ളതല്ല. അന്ന് നിന്റെ കാളയും കഴുതയും വിശ്രമിക്കട്ടെ” (പുറ 23, 12) എന്നാണ്. ഇതിനർത്ഥം മറ്റു ജീവജാലങ്ങളുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്ന മനുഷ്യ മേൽക്കോയ്മക്ക് ബൈബിളിൽ ഇടമില്ലെന്ന് പാപ്പ വ്യക്തമായി വിശ്വാസികളെ പഠിപ്പിക്കുന്നു.

സഭയിൽ ഉണ്ടായ ക്രമം തെറ്റിയ മനുഷ്യകേന്ദ്രവാദത്തെ പാപ്പ നിശിതമായി വിമർശിക്കുന്നു. മറ്റു സൃഷ്ടികളെക്കുറിച്ചു ചിന്തിക്കുമ്പോൾ അവയെക്കൊണ്ടു മനുഷ്യനുള്ള പ്രയോജനത്തേക്കാൾ അവയുടെ ഉൺമയ്ക്കാണ് പ്രാധാന്യം നല്കേണ്ടതെന്ന വാദത്തെ പാപ്പ അംഗീകരിക്കുന്നു.

“ഓരോ ഏഴാം ദിനവും വിശ്രമത്തിനായി മാറ്റി വെയ്ക്കാൻ ദൈവം കല്പിച്ചു. അതുപോലെ ഏഴാം വർഷം മുഴുവൻ വിശ്രമമാണ്. ആ വർഷം നിലം ഉഴാനോ വിതക്കാനോ പാടില്ല. തനിയെ മുളയ്ക്കുന്ന വിളകളിൽ നിന്ന് സ്വന്തം വീട്ടിലെ ആളുകൾക്കു ഭക്ഷണത്തിനുള്ളതു മാത്രമെ കൊയ്തെടുക്കാവൂ. ഏഴു സാബത്ത് വർഷം തികയുമ്പോൾ വരുന്ന ജൂബിലി വർഷം അതായത് 50-ാം വർഷം പൊതു ഇളവിന്റേതാണ്. ആ വർഷം ദേശം മുഴുവനും, എല്ലാ ദേശവാസികൾക്കും സ്വാതന്ത്ര്യത്തിന്റെ വർഷമായിരിക്കണം”. ഈ നിയമങ്ങൾ എല്ലം ഉണ്ടായത് തമ്മിൽ തമ്മിലുള്ള ബന്ധങ്ങളിലും, വേലയെടുക്കുകയും ജീവിക്കുകയും ചെയ്യുന്ന ഭൂമിയുമായി നമുക്കുള്ള ബന്ധത്തിലും, വന്ന പാളിച്ചകൾ പരിഹരിക്കാനുള്ള ശ്രമമാണെന്നും അതോടൊപ്പം തന്നെ ഭൂമിയും അതിന്റെ ഫലപുഷ്ടിയും എല്ലാവർക്കുമുള്ള ദാനമാണെന്ന അംഗീകരിക്കലുമായിരുന്നെന്ന് പാപ്പ ഓർമ്മിപ്പിക്കുന്നു. “നിങ്ങൾ ധാന്യം കൊയ്യുമ്പോൾ വയലിന്റെ അതിർത്തി തീർത്ത് കൊയ്തെടുക്കരുത്. കൊയ്ത്തിനു ശേഷം കാലപെറുക്കരുത്. മുന്തിരിതോട്ടത്തിലെ പഴങ്ങളും തീർത്തു പറിക്കരുത്. വീണുകിടക്കുന്ന പഴം പെറുക്കിയെടുക്കരുത്. ദരിദ്രർക്കും പരദേശികൾക്കുമായി അതു നീക്കി വെയ്ക്കുക. ഇപ്രകാരം ഭൂമിയെക്കുറിച്ച് സമ്പത്തിന്റെയും അധികാരത്തിന്റെയും വിനിമയത്തെക്കുറിച്ച് വേദപുസ്തകത്തിന്റെ വാക്കുകളിൽ നിന്നു തന്നെ ഒരു പുതിയ ക്രമത്തെ പാപ്പ കണ്ടെടുക്കുന്നു. നദികളെല്ലാം അതിന്റെ ഉത്ഭവസ്ഥലങ്ങളിൽ ഏറെ നിർമ്മലവും സ്നാനഘട്ടങ്ങളിൽ ഏറെ അഴുക്കു നിറഞ്ഞതുമായി കാണുമല്ലോ. ഇടക്കിടെ സ്നാനഘട്ടങ്ങളെ വൃത്തിയാക്കേണ്ടതുണ്ട് എങ്കിലേ ആരംഭത്തിലെ ഉറവിന്റെ തെളിമ പുഴയ്ക്ക് സ്നാനഘട്ടങ്ങളിലും നിലനിർത്താനാകൂ. രണ്ടായിരം വർഷത്തെ അടിഞ്ഞുകൂടിയ അഴുക്കിനെവൃത്തിയാക്കുകയാണ് വേദപുസ്തകത്തെ അതിന്റെ തനിമയിൽ വായിച്ചുകൊണ്ട് പാപ്പ ചെയ്യുന്നത്. മാത്രമല്ല ഒരാൾ വിശ്വാസിയായിരിക്കുക എന്നതിനർത്ഥം ദൈവത്തിന്റെ സൃഷ്ടിജാലങ്ങളെ തന്റെ ജീവിതകാലത്ത് നശിപ്പിക്കാതിരിക്കുക, അതിനെഅത്യാവശ്യത്തിനു മാത്രം ഉപയോഗിച്ച് കരുതലോടെ കാത്തുവെയ്ക്കുക എന്നാണ്. അദ്ദേഹം വീണ്ടും പറയുന്നു. ദൈവസൃഷ്ടിയായ മനുഷ്യൻ നില്ക്കേണ്ടിടത്തു നില്ക്കണമെങ്കിൽ, ഭൂമിയുടെ മേലുള്ള സർവ്വാധിപത്യത്തെ ഉപേക്ഷിക്കണമെങ്കിൽ, സൃഷ്ടാവും, എല്ലാറ്റിന്റെയും ഉടയവനുമായ ദൈവത്തെക്കുറിച്ച് നമ്മൾ വീണ്ടും സംസാരിക്കേണ്ടി യിരിക്കുന്നു. അല്ലെങ്കിൽ മനുഷ്യൻ തന്റെ തന്നെ ഇഷ്ടങ്ങളും ചട്ടങ്ങളും വീണ്ടും വീണ്ടും സൃഷ്ടവസ്തുക്കൾക്കു മേൽ അടിച്ചേൽപ്പിച്ചു കൊണ്ടിരിക്കും.

പരിസ്ഥിതി ശാസ്ത്രപരമായ ഏതു സമീപനവും ദരിദ്രരുടെയും, ഹതഭാഗ്യരുടെയും മൗലിക അവകാശങ്ങളെ കണക്കിലെടുക്കുകയും അത്തരമൊരു സാമൂഹിക കാഴ്ചപ്പാട് നിർബന്ധമായും ഉൾക്കൊള്ളണമെന്ന് ഓരോ വ്യക്തിയേയും ഈ ലേഖനം വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നു. ധനികർക്കും അധികാരമുള്ളവർക്കുമാണ് അതിന്റെ വലിയ ഉത്തരവാദിത്വമെന്ന് ഫ്രാൻസിസ്പാപ്പ ലോകത്തോട് വിളിച്ചു പറയുന്നു. ഹിംസ കൊണ്ടും, ദുര കൊണ്ടും, അധികാരം കൊണ്ടും ദുഷിച്ചു പോയ ഒരു ജനതയെ ക്രിസ്തു എങ്ങനെയാണോ തന്റെ വാക്കു കൊണ്ടും പ്രവർത്തി കൊണ്ടും പുനർഭാവനചെയ്ത്, അതുപോലെ നമ്മുടെ കാലത്ത് ഇതാ ഒരാൾ ; ഫ്രാൻസീസ് മാർപാപ്പ. പുതിയ ആകാശം, പുതിയ ഭൂമി, പുതിയ മനുഷ്യൻ. എന്ന ഒരു മഹാസ്വപ്നത്തെ മുഷ്യരാശിയുടെ ഹൃദയത്തിൽ തുന്നിച്ചേർത്തിരിക്കുന്നു.

# WATCH WHAT YOU EAT..

**Keeping in mind the recent encyclical, Laudato Si, of our Holy Pope Mar Francis, it is high time that we return to nature and turn away from sedentary lifestyles. We should take cudgels against the evils looming around to take us away from nature.**

The fast paced living in this world has given us opportunities for growth and development in various spheres. Along with development came certain changes in the lifestyle that leaves a lasting impression on our lives in various ways. One such major change is the food habits that we have acquired. The choices of food intake have tremendously undergone a drastic change over the period of time.

1) What, according to you, are the changes in the food intake pattern of yester years as compared to today?

   We have come a long way with respect to our eating habits. Gone are those days when people had three complete meals sans the snacks in between during the week and feasted on extra calories during the weekends. Choices were minimum back then and the leftover food was creatively used to prepare mouth watering dishes for the next day. Since there were too many mouths to feed and the income was less, rationing of food was practised, which eventually turned out to be healthy in the long run. Food wastage was a rarity and dining out was a luxury reserved for birthdays and anniversaries alone!

   Well, today the scenario is completely different. The choices of food have widened and people are exposed to variety of both healthy and unhealthy delicacies. With easy access to restaurants and fast food joints in every street, eating out has become a routine! Instead of gratification, grabbing the easiest food like chips has become the order of the day.

2) How have the food habits affected the people today?

   Today's lifestyle gives us various options about





the work pattern. By opting work-from-home, it is common for people to spend hours working on computers accompanied with easy fast-food options. Children are removed from nature where they dedicate hours to television and other gadgets. Exercise has become an option only when sickness knocks their door. Food allergies are on the rise, due to the intake of various chemicals in the processed and unnatural food we have. Diabetes, Obesity, Sleep disorders, Hypertension etc are the common diseases we hear today. These eventually give rise to various other linked disorders, of which infertility is a major concern.

3) How has infertility become a major concern in the recent past?

Infertility has become a new worry equally among youngsters and the older generation. The increased intake of calories and the sedentary lifestyle have been major contributors to infertility. Hormonal imbalance strikes the young very easily, as they are not careful about their food intake habits. Though genetics play a vital role in infertility, the most important reason behind it is environmental--The unhealthy environment sans exercise and healthy food habits that we have created for ourselves.

PCOD is one of the leading factors causing infertility. It is a combination of genetic and environmental factors. It is a condition where the androgen levels are high or there are cysts in the ovaries which causes infertility. The symptoms vary from person to person. The symptoms are distinguished by obesity, increased bodily and facial hair, irregular menstrual cycle, baldness etc and it is also associated with Type 2 Diabetes. Obesity is another contributor to PCOD.

Early exposure to alcohol is another leading factor responsible for infertility. Alcohol dehydrates the body. It increases the level of testosterones in the body. Apart from infertility it also causes acne, skin problems and other long term health problems.

**How do you mitigate these effects?**

Exercise combined with cautious and conscious dietary habits is very important to mitigate the problems. Diet should include food rich in vitamins, iron, omega 3 fatty acids and low calories. Never skip breakfast and it can include nuts like walnuts or almonds, cereals, fruits, eggs, green tea, chapathi, idli etc. It is important for the youth to have a healthy diet to ensure the production of hormones and enzymes. Zinc is a primary source for growth hormones, testosterones and insulin. It's found in red meat, seeds, spinach, mushroom and oysters. Sugar, saturated fats and caffeine have a strong impact on the testosterone level. Vitamins B, D omega 3 fatty acids should be a part of the diet. 7 hours of peaceful sleep in dark and comfortable room is inevitable.

Parents should take control of the eating habits of children. They should not fall prey to the tantrums of children. Parents should inculcate discipline in children right from childhood. They should mould their children for future, by asking them to take part in meal preparation and daily chores to help them realize the efforts gone into it. Encourage them to be one with nature rather than spending time watching television and playing virtual games.

Kiss of the sun for pardon.

Song of the birds for mirth.

You're closer to God's heart in a garden

Than any place on earth.

-Dorothy Frances Gurney



**Dr. Susan Sodder**

Gynaecologist at Holy Spirit Hospital, Andheri (E) tete-a-tete with AnnRary, An Editorial Member of Kalyan Lantern



# Upshot of Ecological Crimes

**Human being has a fundamental need for food, water, clean air and relative climatic constancy. Stress on fresh water sources, food producing systems and climatic regulation could cause major adverse health impacts.**

Population and economic -developments are leading to rapid changes in our global ecosystems. It is important to enhance the conservation and sustainability of these systems so that they can continue to supply the services that help all aspects of human life.

For the past 50 years humans have changed natural ecosystems more rapidly and extensively than in any comparable period in human history. This transformation contributed to substantial net gains in human well-being and economic development. But not all regions and group of people have benefited from this process, and many have been harmed. Approximately 60% of the ecosystem "services" examined from the regulation of air quality to purification of water are being degraded or used unsustainably.

**How is Human Affected by Air Pollution:**

- Irritation of eyes, nose, mouth and throat.
- Respiratory infections such as bronchitis, pneumonia.
- Headaches, nausea and allergy.
- Asthma attacks.
- Reduced lung functioning.

It can also cause chronic pulmonary disease, cardiovascular disease, lung cancer and premature death.

Air pollution affects breathing of animals. Acid rain creates serious problems for wildlife. Reduction in growth is noticed in various parts of plants (primary producers in ecological pyramid). Chlorosis of leaves take place.

**How is Human Affected by Water Pollution:**

- Swimming and drinking in contaminated water can causes skin diseases and also can lead to cancer, reproductive problems, typhoid fever and stomach ailments in humans.
- heavy metals poisoning due to consumption of contaminated fish.
- Highly polluted water can harm internal organs like heart and kidneys.
- Pesticide contamination of ground water can cause endocrine and reproductive problems to animals and humans.

- Sewage contamination carries harmful pathogens and causes disease outbreak.
- Water borne diseases like hepatitis, cholera, dysentery and typhoid are common and affect large populations in the tropical regions.
- Lead accumulation in the body can affect the central nervous system, putting children and pregnant women at high risk.
- Excess of fluorides causes yellowing of teeth and damage to spinal cord and other crippling diseases.
- Nitrate contamination can prove fatal for infants as it can restrict the oxygen to the reach the brain causing the 'blue-baby' syndrome. It can also cause digestive tract cancers.

**How is Human Affected by Soil Pollution:**

- Sewage sludge contains many pathogenic bacteria, viruses and intestinal worms which cause various types of diseases.
- Human and animal excreta contain pathogens that contaminate soil and vegetable crops when used as manure. This leads to various diseases related to digestive system.
- Land and pollution is responsible for loss of fertility, and productivity of soil.
- Soil pollution can lead to water pollution if toxic chemicals leach into ground water or contaminated run off reaches streams or lakes.
- Radioactive material and soil contaminants move away from the soil into crops, livestock and human bodies through food chains.

As a result of human actions, the structure and functioning of the world's ecosystems changed more rapidly in the second half of the 20th century than at any other time in human history. The diversity of life on earth is being depleted at an accelerating rate. The loss of plant and animal species is irreversible so too is the unravelling or elimination of whole ecosystems.

**Role of citizens in pollution control:**

The concern about abetment of pollution is growing. Each of us can contribute individually or through collective efforts to reduce pollution.

1. Plant trees and develop gardens, parks and open grounds in the locality.
2. Save fossil fuels and reduce pollution, minimise electricity consumption.
3. Use public transport instead of private vehicles.
4. Use nonconventional source of energy like solar, wind energy, tidal energy.
5. Maintain vehicles in well-tuned conditions.
6. Keep your home and public places clean. Keep our own locality free from pollution.

**Annamma Paul**

Principal, Chembur English High School and Jr. College



### നഗരജീവിതത്തിന്റെ നേർക്കാഴ്ച



# മുംബയ് ജീവിതചര്യയിലേക്ക് ഒരു തിരിഞ്ഞുനോട്ടം

## കല്ല്യാൺ ലാന്റേൺ വായനക്കാരുടെ അഭിപ്രായങ്ങൾ

പ്രകൃതിയുടെ നിയമനുസരിച്ച് ഉത്പാദകരും, ഉപഭോക്താക്കളും വിഘാടകരും അടങ്ങുന്നതാണ് നമ്മുടെ പരിസ്ഥിതി. കൃഷിയിടങ്ങളും വനങ്ങളും ബഹുനിലകെട്ടിടങ്ങൾക്കും റോഡുകൾക്കും വഴിമാറിയപ്പോൾ ഇന്നു അന്യം നിന്നു പോകുകയാണ് ഇത്. നഗരജീവിതത്തിൽ വിനാശകരെന്ന പുതിയ ഒരു വിഭാഗം കൂടി രൂപപെട്ടിരിക്കുന്നു. മനുഷ്യരെന്ന ഈ കൂട്ടർ പ്രകൃതിയെ കാർന്നു തിന്നുകൊണ്ടിരിക്കുകയാണ്. നിർമ്മിക്കപ്പെട്ടിരിക്കുന്ന കെട്ടിടങ്ങളും, കോൺക്രീറ്റ് പാതകളും ഇടിച്ച് തകർത്ത് പ്രകൃതിയെ അതിന്റെ തനതായ രീതിയിലേക്കു തിരിച്ചുകൊണ്ടുവരുവാൻ നഗരജീവിതത്തിനു ഇനി സാധ്യമല്ല. എന്നാൽ നമ്മുടെ ഫ്ളാറ്റുകളുടെ ബാൽക്കണികളും തുറസ്സായ സ്ഥലങ്ങളും, പൂന്തോട്ടങ്ങളും കൃഷി സ്ഥലങ്ങളുമാക്കി എന്തുകൊണ്ട് നമുക്കു പ്രകൃതി സംരക്ഷകരായിക്കൂടാ. നമ്മുടെ പ്രിയപ്പെട്ട മുംബയ് നഗരത്തെ പ്രകൃതി സ്നേഹികളുടെ ഒരു നഗരമാക്കി മാറ്റാൻ മാർപാപ്പയുടെ ചാക്രികലേഖനം ഒരു പ്രചോദനമാക്കാം.

നമ്മുടെ മുംബയ് ജീവിതത്തിൽ തിരക്കുപിടിച്ച ജീവിത സാഹചര്യങ്ങളിലും നെട്ടോട്ടത്തിലും നാം ചെയ്യേണ്ട പലകാര്യങ്ങളും മറക്കുവാനും അവഗണിക്കുവാനും നമ്മെ പ്രേരിപ്പിക്കുന്നു. അത് മറ്റു പലതിലേക്കും നമ്മെ നയിക്കുന്നു.

# Anthropocentrism Vs Nature Centrism

പ്രകൃതിയെ സ്വന്തം ആവശ്യങ്ങൾക്കു വേണ്ടി മാത്രമാക്കിമാറ്റി ഒരു ഉപഭോഗവസ്തുവാക്കിമാറ്റുന്ന രീതി ഒഴിവാക്കുവാൻ നാം ശ്രദ്ധിക്കണം. മനുഷ്യനു മാത്രമാണ് പ്രകൃതിയെന്ന സ്വാർത്ഥ ചിന്താഗതിയെ നാം മാറ്റണം.

പ്രകൃതിയിലേക്കൊരു മടക്കയാത്ര ഈ കാലത്തിന്റെ അനിവാര്യതയാണ്. പ്രകൃതിയെ സ്നേഹിക്കുവാനും പരിപോഷിപ്പിക്കാനും, പരിപാലിക്കുവാനും നാം പഠിക്കണം. മുംബയ് നഗരത്തിൽ ജീവിക്കുമ്പോൾ നമ്മുടെ ഫ്ളാറ്റുകളുടെ ബാൽക്കണികളിലും, തുറസ്സായ സ്ഥലങ്ങളിലും സാധിക്കുന്നിടത്തോളം വൃക്ഷങ്ങളും ചെടികളും നട്ടുവളർത്താൻ ശ്രദ്ധിക്കണം. വിഷം തളിച്ച പച്ചക്കറികൾക്ക് പകരം ജൈവകൃഷിയിലൂടെ ഉത്പാദിപ്പിച്ച പച്ചക്കറികൾ നാം ഉപയോഗിക്കണം. പാർക്കുകളിലേക്കും, വനമേഖലകളിലും ഒഴിവുസമയം ചില വഴിച്ച് പ്രകൃതിയുമായി ഇടപഴുകുവാൻ കുട്ടികൾക്ക് അവസരം ഉണ്ടാക്കികൊടുക്കണം.



# (Shopping) Mall Nutrition Vs Natural Foods




പാശ്പാത്യരീതിയെ അനുകരിച്ച് നാം ഉപയോഗിക്കുന്ന നിത്യോപയോഗ സാധനങ്ങൾ ഷോപ്പിംങ്ങ് മാളുകളിൽ നിന്ന് വാങ്ങി നാം ഉപയോഗിക്കുമ്പോൾ അവ സുക്ഷിക്കുന്ന പ്ലാസ്റ്റിക്ക് കവറുകളും പ്ലാസ്റ്റിക്ക് പാത്രങ്ങളും ഉണ്ടാക്കാവുന്ന അപകടങ്ങളെ കുറിച്ച് നാം ചിന്തിക്കാറില്ല. കേടുകൂടാതെ സംരക്ഷിക്കപ്പെടുന്ന ഭക്ഷണ പദാർത്ഥങ്ങളിലടക്കം ഉപയോഗിക്കപ്പെടുന്ന കെമിക്കൽ കാൻസർ പോലുള്ള മാരക രോഗത്തിലേക്കു നമ്മെ കൊണ്ടെത്തിക്കാറുണ്ട്.

മാസങ്ങളോളം ശീതികരിച്ച മത്സ്യമാംസാദികളും, കുട്ടികളുടെ ഇഷ്ട ഭോജ്യമായ ഫ്രൈഡ് ഫുഡ്സും, ബോട്ടിൽ പാനീയങ്ങളും നമ്മുടെ ഭക്ഷണരീതിയുടെ ഭാഗമായി മാറിയിരിക്കുന്നു. രുചിയേറുന്നതും ആകർഷണീയവും മായ ഈ ഭക്ഷണ പദാർത്ഥങ്ങൾ നമ്മുക്കു ഏൽപിക്കുന്ന അപകടങ്ങളെ കുറിച്ച് നാം ചിന്തിക്കാറില്ല. അമിത വളർച്ച, പൊണ്ണതടി, ക്ഷീണം, പ്രത്യുൽപാദനശേഷിക്കുറവ്, മാനസികാസ്വാസ്ഥ്യം തുടങ്ങിയവ ഇന്നത്തെ തലമുറയിൽ വളരെയധികമായി കാണപ്പെടുന്നു.

ഉപയോഗിക്കുന്ന സാധനങ്ങളെക്കുറിച്ചും ഭക്ഷണപദാർത്ഥങ്ങളെക്കുറിച്ചും നാം ബോധവാൻമാരായിരിക്കണം. ഹോട്ടൽ ഭക്ഷണങ്ങളും, ഫാസ്റ്റ് ഫുഡുകളും ഒഴിവാക്കി നമ്മുടെ ഭവനങ്ങളിൽ തന്നെ പാകപ്പെടുത്തുന്ന ഭക്ഷണ പാനീയങ്ങളിലേക്ക് നാം തിരിച്ചു പോകണം. പ്രകൃതി ദത്തമായ മൺപാത്രങ്ങൾ, സസ്യങ്ങൾ, പാനീയങ്ങൾ എന്നിവ ജീവിതചര്യയുടെ ഭാഗമാക്കണം.

# Natural Resources Vs Polluting the Nature



പൗരാണികലോകത്തിന് സങ്കൽപ്പിക്കാൻ സാധിക്കാത്ത മാലിന്യങ്ങളാണ് ആധുനിക ശാസ്ത്രം ഇന്ന് പ്രകൃതിയിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്നത്.

ജലവും വായുവും മണ്ണും ഇന്ന് അപകടകരമായ വിധം മലിനമാക്കപ്പെട്ടിരിക്കുന്നു. ഇ-വേസ്റ്റുകൾ (e-waste) ഇന്ന് കടലിലേക്കാണ് തള്ളപ്പെടുന്നത്. പഴയതിനെമാറ്റിവച്ച് പുതിയത് സ്വന്തമാക്കാനുള്ള സാമ്പത്തികശേഷി ഇന്ന് നമ്മുടെ ഭവനങ്ങളിൽ മൂന്നും നാലും ഉപയോഗ ശൂന്യമായ മൊബൈലുകൾക്ക് സ്ഥാനം കൊടുത്തിരിക്കുന്നു. മാലിന്യ സംസ്ക്കരണം ശരിയായ രീതിയിൽ സംഭവിക്കാത്തതുകൊണ്ട് പരിസ്ഥിതി ഓരോ നിമിഷവും കൂടുതൽ കൂടുതൽ മലിനമാക്കപ്പെടുകയാണ്. പ്ലാസ്റ്റിക് കവറുകൾ ഭവനങ്ങളിൽ ശേഖരിച്ചു കൂട്ടുന്നത് നമ്മുടെ ഒരു ദുഃശീലമായിരിക്കുന്നു. അനാവശ്യമായി വൈദ്യുതിയും, ജലവും ദുരുപയോഗം ചെയ്യുന്നത് പ്രകൃതിയേയും മനുഷ്യനേയും ചൂഷണം ചെയ്യുന്നതിനും കാരണമാക്കുന്നു. ഫ്ളഷ് ടാങ്കുകളുടെ ഉപയോഗം അമിതമായി ജലം ദുരുപയോഗം ചെയ്യുന്നതിനു കാരണമാകുന്നു. നഗര ജീവിതത്തിൽ വൈദ്യുതിയും ജലവും പോലുള്ള പ്രകൃതി സമ്പത്തിനെ ദുരുപയോഗം ചെയ്യുന്നതും മലിനപെടുത്തുന്നതും വരും തലമുറയോടു ചെയ്യുന്ന കൊടും ക്രൂരതയാണ്.

# Health Scare Vs Health Care

മുംബൈ പോലുള്ള മെട്രോപൊളിറ്റൻ സിറ്റിയിലായിരിക്കുന്നതിന്റെ പല ദുഷ്യഫലങ്ങളിലൊന്നാണ് ഹെൽത്ത് സ്കെയർ എന്ന അവസ്ഥ. വൈദ്യശാസ്ത്രത്തേയും ചികത്സാരീതിയേയും കുറിച്ച് കൂടുതൽ ബോധവാൻമാരും അവയെ കൂടുതൽ ആശ്രയിക്കുന്ന വരുമാണ് ഇന്നത്തെ തലമുറ.

ഭയംമൂലം നിസ്സാരകാര്യങ്ങൾക്കു പോലും ഡോക്ടറെ സമീപിക്കുകയും, വേണ്ടിവന്നാൽ സ്വയം ചിക്തസ പോലും ചെയ്യുന്നവരാണ് ഭൂരിപക്ഷം ആളുകൾ. ഇൻഷുറൻസ് പരിരക്ഷ ഉള്ളതിനാൽ ഇന്ന് ഹോസ്പിററലുകളിൽ അഡ്മിററാകുവാൻ എല്ലാവരും ആഗ്രഹിക്കുന്നു. പലപ്പോഴും ഹോസ്പിററലുകാർ സാമ്പത്തിക നേട്ടങ്ങൾക്ക്വേണ്ടി ആവശ്യത്തിലധികം മരുന്നുകളും, ചികത്സാരീതികളും നടത്തുന്നത് ഇന്നത്തെ പ്രതിഭാസമാണ്.

രാത്രികളില്ലാത്ത നഗരം നമ്മുടെ നിദ്രയെ നശിപ്പിക്കുന്നു. കഠിനമായ സ്ട്രസ്സും ടെൻഷനും നഗരവാസികളെ പ്രെഷർ, ഡയബറ്റിക്സ് തുടങ്ങിയ രോഗങ്ങളിലേക്ക് എത്തിക്കുന്നു. ആന്റിബയോട്ടിക്കുകളുടെ അനാവശ്യവും അമിതവുമായ ഉപയോ ഗം പുതിയ രോഗാവസ്ഥയിലേയ്ക്കു മനുഷ്യനെ എത്തിക്കുന്നു.

ശരീരത്തിനാവശ്യമായ കായികദ്ധ്വാനവും മിതമായ ആഹാരരീതിയും ഒരുവനെ ആരോഗ്യവാനാക്കുന്നു. തൊട്ടടുത്ത സ്ഥലത്തു പോലും പോകുവാൻ വേണ്ടി വാഹനത്തെ ആശ്രയിക്കുന്ന രീതിമാറ്റി നടത്തം, സൈക്ക്ലിംഗ് മുതലായവ ശീലമാക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. ഒഴിവുസമയങ്ങൾ വീടിനുള്ളിൽ ടിവി, കംമ്പ്യൂട്ടർ മുതലായവയുടെ മുന്നിൽ ചിലവഴിച്ചു നഷ്ടമാക്കാതെ, പുറംലോകത്തേയും പ്രകൃതിയേയും മറ്റു മനുഷ്യരേയും കൂടുതൽ അറിയുവാനും വ്യായാമങ്ങളിൽ ഏർപ്പെടുവാനും നാം ബോധപൂർവ്വം ശ്രമിക്കണം. വിടുകളിലും പൊതു സ്ഥലത്തും പാലിക്കേണ്ട ശുചിത്വത്തെ കൃത്യതയോടെ പാലിച്ചാൽ TB. പോലുള്ള പല പകർച്ച വ്യാധികളിൽ നിന്ന് നമുക്കു രക്ഷപ്പെടുവാനാകും.



# കാർമ്മികൻ അൾത്താരയെ സമീപിക്കുന്നു

# The Celebrant approaches the Altar

**മാർ തോമസ് ഇലവനാൽ**
കല്യാൺ രൂപതയുടെ മെത്രാൻ

പ്രഘോഷണപ്രാർത്ഥനയ്ക്കായി മ്ശംശാനയെ ആശീർവ്വദിച്ചശേഷം കാർമ്മികൻ മൂന്നുപ്രാവശ്യം നന്നായി കുനിഞ്ഞ് ആചാരം ചെയ്തുകൊണ്ട് ഓരോ പ്രാവശ്യവും അല്പം മുന്നോട്ടുകയറി അൾത്താരയുടെ സമീപമെത്തുന്നു. പരിശുദ്ധവും ദൈവികവുമായ ബലിയർപ്പിക്കുവാൻ തനിക്കുള്ള അയോഗ്യതയെ പ്രകടമാക്കുന്നതാണ് ഈ കുമ്പിടൽ.

തത്സമയം രഹസ്യമായി ചൊല്ലുന്ന പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ എന്നു തുടങ്ങുന്ന പ്രാർത്ഥന കാർമ്മികന്റെ ബലഹീനതയെക്കുറിച്ചുള്ള ആഴമേറിയ ബോദ്ധ്യവും താൻ പരികർമ്മം ചെയ്യാൻ പോകുന്ന ദിവ്യകർമ്മത്തിന്റെ മഹത്വവും ലക്ഷ്യവും വ്യക്തമാക്കുന്നതാണ്.



ഈ പ്രാർത്ഥനയിൽ ദൈവത്തിന് മൂന്നു വിശേഷണ ങ്ങൾ നല്കിയിരിക്കുന്നു. അവയെ ത്രിത്വാത്മകം, സൃഷ്ടിപരം, വ്യക്തിപരം എന്ന് വിശേഷിപ്പിക്കാം. ദൈവത്തിൽ മൂന്നാളുകളുണ്ടെന്നും ദൈവം സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനാണെന്നും നമ്മുടെ പിതാവാണെന്നും ഏറ്റുപറയുന്നു. ദൈവത്തെക്കുറിച്ചുള്ള സമഗ്രമായ വീക്ഷണമാണിവിടെ കാണുക.

**എന്നെ യോഗ്യനാക്കി**

ഈ ദൈവത്തിന് നന്ദിപറയാനുള്ള കാരണങ്ങളാണ് തുടർന്നു വിശദീകരിക്കുന്നത്. ഒന്നാമത്തേത് താൻ പാപിയും അയോഗ്യനുമായിരുന്നിട്ടും മിശിഹായുടെ തിരുശരീരരക്തങ്ങളുടെ രഹസ്യങ്ങളെ അർപ്പിക്കുവാൻ കാരുണ്യപൂർവ്വം തന്നെ യോഗ്യനാക്കി എന്നതാണ്. ഈശോയെ അങ്ങയുടെ അഭിഷിക്തൻ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. (സങ്കീ. 2:2, നട. 4:26, ലൂക്ക 4:18) ദിവ്യരഹസ്യങ്ങളെ നാലു പദങ്ങളാലാണ് വിശേഷിപ്പിച്ചിരിക്കുന്നത്. സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവും.

**ആദ്ധ്യാത്മികഫലങ്ങൾ**

ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യുന്നതിന്റെ ഉദ്ദേശം അഥവാ ആദ്ധ്യാത്മികഫലങ്ങളാണ് തുടർന്ന് വ്യക്തമാക്കുന്നത്. ജനത്തിന്റെ കടങ്ങളുടെ പൊറുതിക്കും പാപമോചനത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ലോകത്തിന്റെ അനുരഞ്ജനത്തിനും സഭകൾ തമ്മിലുള്ള ഐക്യത്തിനും വേണ്ടിയാണ് ബലിയർപ്പിക്കുന്നത്. കടങ്ങളുടേയും പാപങ്ങളുടേയും പൊറുതി ലഭിക്കുന്നതുവഴിയാണ് ആത്മാക്കളുടെ രക്ഷ സാധിക്കുന്നത്.

**അനുരഞ്ജനം**

